# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.10.2026**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.

2. കേരളത്തിലെ എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസിലർമാരെ നിയമിക്കുടന്നതിനുള്ള നടപടി തുടരുന്നതായി ഉന്നതവിദ്യാഭ്യാസമന്ത്രി റോജി എം ജോൺ.

3. സംസ്ഥാനത്ത് ഓർഡിനറി ബസുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി സിപി ജോൺ.

4. ശബരിമല സന്നിധാനത്തേക്ക് കൊണ്ടുപോകുന്ന നെയ്യുടെ ഗുണനിലവാരം പമ്പയിൽ വെച്ച് തന്നെ പരിശോധിച്ചു ഉറപ്പുവരുത്തുമെന്ന് മന്ത്രി കെ മുരളീധരൻ.

5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത.

6. ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും; ആദ്യ മത്സരം റായ്പൂരിൽ.

RNU TVPM

**ഉപരാഷ്ട്രപതി (ഇൻട്രോ)**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവവും, സാംസ്കാരിക സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**( വോയിസ്...)**

RNU TVPM

**നിയമസഭ**

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ നടപടിക്രമങ്ങൾ തുടരുന്നു. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളുമാണ് ഇപ്പോൾ പരിഗണിക്കുന്നത്. ഇന്ന് പിരിയുന്ന സഭ പിന്നീട് പൂജാ അവധിക്ക് ശേഷം ഈ മാസം 26 ന് പുനരാരംഭിക്കും. ഒൻപത് ദിവസത്തെ സമ്മേളനത്തിന്റെ അവസാനദിനമായ 29 ന് ഉച്ചയ്ക്ക് ധനവിനിയോഗ ബില്ലുകൾ സഭ പരിഗണിക്കും.

**നിയമസഭ ജോൺ**

സംസ്ഥാനത്ത് ഓർഡിനറി ബസ്സുകൾ വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി സിപി ജോൺ.

ഒരു ഓർഡിനറി ബസ് പോലും സിറ്റി ഫാസ്റ്റ് ആക്കിയിട്ടില്ലെന്നും പകരം സിറ്റി ഫാസ്റ്റുകൾ ഓർഡിനറി ആക്കിയിട്ടുണ്ടെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി.

**നിയമസഭ - കെ മുരളീധരൻ - ബിന്ദു കൃഷ്ണ**

ശബരിമല സന്നിധാനത്തേക്ക് നെയ്യ് കൊണ്ട് പോകും മുൻപ് പമ്പയിൽ വെച്ച് തന്നെ പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുമെന്ന് മന്ത്രി കെ മുരളീധരൻ. ശബരിമല നെയ്യ് ക്രമക്കേട് സംബന്ധിച്ച് നിയമസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. അതേസമയം, പത്തനംതിട്ട ഡയറിയിൽ നിന്ന് വിതരണം ചെയ്ത നെയ്യിൽ ക്രമക്കേടുണ്ടായതായും 552 രൂപ ഹോൾസെയിൽ വിലയുള്ള നെയ്യ് 710 രൂപയ്ക്ക് മറിച്ച് വിറ്റതായും മന്ത്രി ബിന്ദു കൃഷ്ണ ചോദ്യോത്തര വേളയിൽ പറഞ്ഞു.

RNUTVPM

**മന്ത്രി റോജി ( ഇൻട്രോ )**

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസിലർമാരെ നിയമിക്കുന്നതിനുള്ള നടപടി തുടരുകയാണെന്ന് മന്ത്രി റോജി എം ജോൺ. സർവ്വകലാശാലകളിൽ വർഗീയ ധ്രുവീകരണത്തിന് അനുവദിക്കില്ലെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. കേരളത്തെ ഒരു ഹയർ എഡ്യൂക്കേഷൻ ഡെസ്റ്റിനേഷൻ

ആക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ( വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁

**നവരാത്രി**

രാജ്യത്ത് നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. നവരാത്രിയുടെ ആറാം ദിവസമായ ഇന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി കാത്യായനി ദേവിക്ക് പ്രാർത്ഥനകൾ അർപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കൊച്ചി ദുർഗ്ഗാപൂജ ( ഇൻട്രോ )**

RNU TVPM

സംസ്ഥാനത്തും നവരാത്രി ആഘോഷങ്ങളും ഒരുക്കങ്ങളും സജീവമായി. ദുർഗ്ഗാഷ്ടമിയോട് അനുബന്ധിച്ച് ഈ മാസം 19 ന് സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവിറക്കി. കൊച്ചിയിൽ കേരള ബംഗാ സംസ്കൃതി സംഘത്തിന്റെ ദുർഗോത്സവം ഇന്നു മുതൽ നടക്കും. കഴിഞ്ഞ അറുപത് വർഷമായി സംഘം കൊച്ചി നഗരത്തിൽ ദുർഗ്ഗാപൂജ ആഘോഷങ്ങൾ സംഘടിപ്പിച്ചു വരികയാണ്. ***ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ തയ്യാറാക്കിയ റിപ്പോർട്ട്...***
***( വോയിസ്...)***

❁❁❁❁❁❁❁❁❁❁❁❁❁

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

കേരളം ഉൾപ്പെടെ രാജ്യത്തെ 17 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംക്ഷിപ്ത വോട്ടർ പട്ടിക പരിഷ്കരണത്തിന് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്ത വർഷം ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ച് കൊണ്ടാണ് നടപടി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടന്നുകൊണ്ടിരിക്കുന്നതോ അടുത്തിടെ പൂർത്തിയായതോ ആയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, SSR-നുള്ള സമയക്രമം പിന്നീട് അറിയിക്കുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

RNU TVPM

## പ്രധാനമന്ത്രി-ജൻസേവ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമി ക്കുന്നു. ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലെയ്സ് പ്ലാറ്റ്ഫോമിനെ കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. 2016 ഓഗസ്റ്റ് 9-നാണ് വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ GeM പോർട്ടൽ ആരംഭിച്ചത്. സാധാരണക്കാർക്ക് സർക്കാരുമായി നേരിട്ട് ബിസിനസ്സ് ചെയ്യാനുള്ള വലിയൊരു അവസരമാണ് GeM തുറന്നു

നൽകിയിരിക്കുന്നതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ-കേരളം**

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ജനങ്ങൾ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറി താമസിക്കേണ്ടതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ-വി. ദേവിക**

ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച കണ്ണൂർ പടിയൂർ സ്വദേശിനി വി. ദേവികയുടെ ചിതാഭസ്മം കുടുംബാംഗങ്ങൾക്കു കൈമാറി. ദേവികയുടെ മൃതശരീരം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടുംബത്തിന്റെ അനുവാദത്തോടെ ജപ്പാനിൽ സംസ്കരിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

തുലാ മാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ

PNU TVPM

തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് ഞായറാഴ്ച രാവിലെ 7.30ന് നടക്കും. നാളെ മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രി കെ.മുരളീധരൻ എന്നിവർ ശബരിമലയിൽ ദർശനത്തിനെത്തും. പമ്പയിൽ അവലോകനയോകവും ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

**ഇടുക്കി ശബരിമല (ഇൻട്രോ)**

ശബരിമല തീർഥാടന മുന്നൊരുക്കങ്ങളുടെ പുരോഗതി വിലയിരുത്താൻ ഇടുക്കിയിൽ ജില്ലാ തല യോഗം ചേർന്നു. വിവിധ വകുപ്പുകൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ യോഗം നിർദേശം നൽകി. കുടിവെള്ളം, ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പാക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ജില്ലയിൽ ഒരുക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..............***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല-പോലീസ്**

മണ്ഡല മകരവിളക്ക് മകരവിളക്കിനോട് അനുബന്ധിച്ചുള്ള പൊലീസ് ഉദ്യോഗസ്ഥരുടെ മെസ്സ് ഗ്രാന്റ് വർദ്ധിപ്പിച്ച്

RNUTVPM

ആഭ്യന്തര വകുപ്പ്. ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന് ഭക്ഷണ ചെലവിലേക്ക് ദിവസം 90 രൂപയാണ് കണക്കാക്കുക. നിലവിൽ 79 രൂപയാണ് മെസ് ഇനത്തിൽ നൽകുന്നത്.

## ശബരിമല കെഎസ്ആർടിസി(ഇൻട്രോ)

ശബരിമല മണ്ഡലപൂജ–മകരവിളക്ക് മഹോത്സവത്തിനുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. വിപുലമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചതായി കെഎസ്ആർടിസി അറിയിച്ചു.

***വിശദാംശങ്ങളിലേക്ക്....***

***( വോയിസ്....)***

## ശബരിമല കെഎസ്ആർടിസി(വോയിസ്)

കെഎസ്ആർടിസി ആദ്യഘട്ടത്തിൽ, മണ്ഡല കാലത്ത് 461 ബസുകളും മകരവിളക്ക് മഹോത്സവത്തിന് 561 ബസുകളുമാണ് ഏർപ്പെടുത്തിയത്. തിരക്ക് വർധിക്കുന്നതനുസരിച്ച് കൂടുതൽ ബസുകൾ ലഭ്യമാക്കാനാണ് തീരുമാനം. പമ്പ–നിലയ്ക്കൽ ചെയിൻ സർവീസുകൾക്ക് പുറമെ സംസ്ഥാനത്തെ വിവിധ ഡിപ്പോകളെയും പ്രത്യേക സർവീസ് കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ഘട്ടംഘട്ടമായാണ് സർവീസുകൾ

RNU TVPM

ക്രമീകരിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായി 1456 ജീവനക്കാരെയും നിയോഗിച്ചു. ബജറ്റ് ടൂറിസം സെൽ വഴി ശബരിമല തീർഥാടനത്തിനായി ചാർട്ടേഡ് ട്രിപ്പുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും കെഎസ്ആർടിസി അറിയിച്ചു.

***ന്യൂസ്‌ഡെസ്ക് ആകാശവാണി....***

**ക്രിക്കറ്റ്**

ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റായ്പൂരിൽ നടക്കും. രാത്രി 7 മണിക്കാണ് മത്സരം. ഛത്തീസ്ഗഢ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, മത്സരം കാണാൻ സ്ത്രീകൾക്ക് സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVM

**എച്ച്എൽഎൽ ഇ-സ്റ്റോർ**

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎല്ലിൻറെ ഉത്പന്നങ്ങളും സേവനങ്ങളും ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനായുള്ള എച്ച്എൽഎൽ ഇ-സ്റ്റോർ പ്രവർത്തനമാരംഭിച്ചു. hllestore.in എന്ന വെബ്സൈറ്റ് വഴി സേവനം ലഭ്യമാകും. ആശുപത്രികളിലേക്കുള്ള

അവശ്യവസ്തുക്കൾ, സ്ത്രീകളുടെ ആരോഗ്യ പരിചരണ ഉത്പന്നങ്ങൾ തുടങ്ങിയവ മിതമായ നിരക്കിൽ വാങ്ങാവുന്നതാണ്.

## കോട്ടയം ആധാർ കേന്ദ്രം

കോട്ടയം ജില്ലയിലെ പുതിയ ആധാർ സേവാ കേന്ദ്രത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ ചേതൻ കുമാർ മീണ നിർവഹിച്ചു. ശ്രീനിവാസ അയ്യർ റോഡിൽ കോട്ടയം സഹകരണ അർബൻ ബാങ്കിന് സമീപമാണ് കേന്ദ്രം പ്രവർത്തിക്കുക. ആധാർ സേവനങ്ങൾ കൂടുതൽ ലളിതവും വേഗത്തിലുമാക്കുകയാണ് ലക്ഷ്യം.

RNUTVPM

## ഫോക് ലോർ

സംസ്ഥാനത്ത് ഫോക് ലോർ സർവ്വകലാശാല സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ച് കേരള ഫോക് ലോർ അക്കാദമി. ഇതിനായി നാടൻ കലാ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കും. കേരളത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും കൂടുതൽ ജനകീയമാക്കുകയുമാണ് ലക്ഷ്യമെന്ന് ഫോക് ലോർ അക്കാദമി ചെയർമാൻ സുരേഷ് ബാബു കണ്ണൂരിൽ അറിയിച്ചു.

## ഓഹരി+സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 315 പോയിൻറ് ഉയർന്ന് 74,629 ലും നിഫ്റ്റി 111 പോയിൻറ് നേട്ടത്തിൽ 23,109 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ മാറ്റമില്ല. ഗ്രാമിന് 13,515 രൂപയും പവന് ഒരുലക്ഷത്തി 8,120 രൂപയുമാണ് ഇന്നത്തെ വില.

## പാർലമെന്ററി പാർട്ടി യോഗം

¬കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗം പാർലമെന്ററി പാർട്ടി നേതാവായ മുഖ്യമന്ത്രി വി.ഡി സതീശന്റെ അധ്യക്ഷതയിൽ നിയമസഭയിൽ ചേർന്നു. ഉപനേതാവായി എൻ. ശക്തനെയും സെക്രട്ടറിയായി എം. വിൻസെന്റിനെയും ചീഫ് വിപ്പായി മാത്യു കുഴൽനാടനെയും തിരഞ്ഞെടുത്തു.

RNU TVPM

RNU TVPM